# കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

W6-11876/17 തീയതി: 10/2/2018

സർക്കുലർ നമ്പർ: 39/2017-18

വിഷയം: കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് 2017-18 ബജറ്റ് നിർദ്ദേശങ്ങൾ അൺ- അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ ആനുകൂല്യ വർദ്ധനവ് ഭേദഗതി സർക്കുലർ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 3/1/2018ലെ തൊഴിലും നൈപുണ്യവും (H) വകുപ്പിന്റെ എച്ച്3/69/2017/തൊഴിൽ നമ്പർ കത്ത്.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിലുള്ള അൺ- അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ വിവിധ ക്ഷേമാനുകൂല്യങ്ങൾ സൂചന പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്ലാൻ ഭേദഗതി 3/1/2018 തീയതി മുതൽ വർദ്ധിപ്പിച്ച് നടപ്പിലാക്കുവാൻ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ഭേദഗതി

I. (മെഡിക്കൽ റീഇംബേഴ്സ്മെന്റ്) റെഗുലേഷൻ 1999

1. കേരള ചുമട്ടു തൊഴിലാളി (മെഡിക്കൽ റീഇംബേഴ്സ്മെന്റ്) റെഗുലേഷൻ 1999 ഖണ്ഡിക 3(1)ൽ ആശുപത്രിയിൽ കിടത്തി ചികിത്സ നടത്തിയത് സംബന്ധിച്ച ചെലവുകൾക്ക് പുറമെ ഒ.പി. ചികിത്സയും ഐ.പി. ചികിത്സയുടെ തുടർ ചികിത്സയും എന്നു കൂടി ചേർക്കേണ്ടതാണ്.
2. കേരള ചുമട്ടു തൊഴിലാളി (മെഡിക്കൽ റീഇംബേഴ്സ്മെന്റ്) റെഗുലേഷൻ 1999 ഖണ്ഡിക 4(4)ൽ മുറി വാടക പ്രതിദിനം 45/- രൂപ (നാൽപ്പത്തി അഞ്ച് രൂപ) എന്നതിനുപകരം 300/- രൂപ (മുന്നൂറ് രൂപ) എന്ന് ചേർക്കേണ്ടതാണ്.
3. കേരള ചുമട്ടു തൊഴിലാളി (മെഡിക്കൽ റീഇംബേഴ്സ്മെന്റ്) റെഗുലേഷൻ 1999 ഖണ്ഡിക 8(1)ൽ 15,000/- രൂപ (പതിനയ്യായിരം രൂപ) എന്ന തിന് പകരം 30,000/- രൂപ (മുപ്പതിനായിരം രൂപ) എന്ന് ചേർക്കേണ്ടതാണ്.
4. കേരള ചുമട്ടു തൊഴിലാളി (മെഡിക്കൽ റീഇംബേഴ്സ്മെന്റ്) റെഗുലേഷൻ 1999ഖണ്ഡിക 8 ൽ (4) ആയി 50 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് പ്രതിവർഷം 160 ഹാജറിനു പകരം 90 ഹാജർ നേടിയാൽ മതി എന്ന വ്യവസ്ഥ കൂടി ചേർക്കേണ്ടതാണ്.
5. കേരള ചുമട്ടു തൊഴിലാളി (മെഡിക്കൽ റീഇംബേഴ്സ്മെന്റ്) റെഗുലേഷൻ 1999 ഖണ്ഡിക 8എ (1)ൽ 50,000/- രൂപ (അൻപതിനായിരം രൂപ) എന്നതിന് പകരം 1,00,000/- രൂപ (ഒരു ലക്ഷം രൂപ) എന്നും ചേർക്കേണ്ടതാണ്.
6. കേരള ചുമട്ടു തൊഴിലാളി (മെഡിക്കൽ റീഇംബേഴ്സ്മെന്റ്) റെഗുലേഷൻ 1999 ഖണ്ഡിക 8(എ)(1)ൽ ഹൃദ്രോഗം, ക്യാൻസർ, കിഡ്നി തകരാറുകൾ എന്നിവയോട് കൂടി സ്ട്രോക്ക്, മാരകമായ അപകടത്തെ തുടർന്നുള്ള ചികിത്സ എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്. (ആയത് ബോർഡിന്റെ അനുമതിയോട് കൂടി).
7. കേരള ചുമട്ടു തൊഴിലാളി (മെഡിക്കൽ റീഇംബേഴ്സ്മെന്റ്) റെഗുലേഷൻ 1999 ഖണ്ഡിക 8 ബി ആയി തൊഴിലാളികൾക്ക് അതീവ ഗുരുതരവും ദീർഘകാലം ചികിത്സ ആവശ്യവുമായ രോഗങ്ങൾക്ക്ബോർഡ് അനുമതിയോടെ ഉയർന്ന ഹാജരും വേതനവും ഉള്ള തൊഴിലാളികൾക്ക് ബില്ലുകളുടെ അടിസ്ഥാനത്തിൽ 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ) വരെ നൽകുന്നതാണ് എന്ന കൂടി പുതുതായി ചേർക്കേണ്ടതാണ്.

II. <u>കേരള ചുമട്ടു തൊഴിലാളി (ചികിത്സാ ധനസഹായ പ്ലാൻ) 1996</u>

1. കേരള ചുമട്ടു തൊഴിലാളി (ചികിത്സാ ധനസഹായ പ്ലാൻ) 1996 ഖണ്ഡിക 1 (3)ൽ തൊഴിലാളികളുടെ ആശ്രിതരായി കാണിച്ചിരിക്കുന്ന ഭാര്യ/ഭർത്താവ്, 18 വയസ്സിൽ താഴെയുള്ള മക്കൾ, മാതാപിതാക്കൾ എന്നിവയോടൊപ്പം തൊഴിലാളികളുടെ അവിവാഹിതരായ പെൺമക്കളുടെ വിവാഹം വരെയും, വിധവകളായ പെൺമക്കളുടെ പുനർവിവാഹം വരെയും (<u>പഞ്ചായത്ത് അധികൃതരുടെ സാക്ഷ്യപ്പെടുത്തിയ പത്രികയോട്കൂടി</u>) എന്നു കൂടി ചേർക്കേണ്ടതാണ്.

2. കേരള ചുമട്ടു തൊഴിലാളി (ചികിത്സാ ധനസഹായ പ്ലാൻ) 1996 ഖണ്ഡിക 1 (3)ൽ 3,000/- രൂപ (മൂവായിരം രൂപ) എന്നതിനു പകരം 15,000/- (പതിനയ്യായിരം രൂപ) എന്ന് ചേർക്കേണ്ടതാണ്.

3. കേരള ചുമട്ടു തൊഴിലാളി (ചികിത്സാ ധനസഹായ പ്ലാൻ) 1996 ഖണ്ഡിക 1ൽ 3 (1)ൽ 10,000/- രൂപ (പതിനായിരം രൂപ) എന്നതിനു പകരം 25,000/- രൂപ (ഇരുപത്തി അയ്യായിരം രൂപ) എന്ന് ചേർക്കേണ്ടതാണ്.

4. കേരള ചുമട്ടു തൊഴിലാളി (ചികിത്സാ ധനസഹായ പ്ലാൻ) 1996 ഖണ്ഡിക 1ൽ 3 (1)ൽ തൊഴിലാളിയുടെ ആശ്രിതർക്ക് ക്യാൻസർ, കിഡ്നി, ഹൃദയ സംബന്ധമായ രോഗങ്ങൾ എന്നിവയോട് കൂടി സ്ട്രോക്ക് , മാരകമായ അപകടത്തെ തുടർന്നുള്ള ചികിത്സ (ബോർഡിന്റെ അനുമതിയോടുകൂടി) എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

5. കേരള ചുമട്ടു തൊഴിലാളി (ചികിത്സാ ധനസഹായ പ്ലാൻ) 1996 ഖണ്ഡിക 2 (2)ൽ എക്സ്റേ, ലാബട്ടറി ചാർജ്ജുകൾക്ക് പരമാവധി 500/- രൂപ (അഞ്ഞൂറ് രൂപ) എന്നതിനു പകരം 1,000/- രൂപ (ആയിരം രൂപ) എന്ന് ചേർക്കേണ്ടതാണ്.

6. കേരള ചുമട്ടു തൊഴിലാളി (ചികിത്സാ ധനസഹായ പ്ലാൻ) 1996 ഖണ്ഡിക 7 (2)ൽ മുറി വാടക പ്രതിദിനം 30/- രൂപ (മുപ്പത് രൂപ) എന്നതിനു പകരം 300/- രൂപ (മുന്നൂറ് രൂപ) എന്ന് ചേർക്കേണ്ടതാണ്.

III. <u>കേരള ചുമട്ടു തൊഴിലാളി (ദുരിതാശ്വാസ സഹായ പ്ലാൻ) 1990</u>

1. കേരള ചുമട്ടു തൊഴിലാളി (ദുരിതാശ്വാസ സഹായ പ്ലാൻ) 1990 ഖണ്ഡിക 4 (എ) (1)ൽ 60/- രൂപ (അറുപത് രൂപ) എന്നതിനു പകരം പ്രതിദിനം 110/- രൂപ (നൂറ്റി പത്ത് രൂപ) എന്നും പരമാവധി 2 മാസം എന്നതിനു പകരം 3 മാസം എന്നും, ആനുകൂല്യത്തിന്റെ പരിധി പരമാവധി 10,000/- രൂപ (പതിനായിരം രൂപ) എന്നു കൂടി ചേർക്കേണ്ടതാണ്. കൂടാതെ 2 മാസത്തിലേറെ ചികിത്സയും വിശ്രമവുമായി കഴിയുന്ന പ്രത്യേക കേസുകളിൽ തുടർന്നുള്ള 60 ദിവസം എന്നതിനു പകരം 90 ദിവസത്തേയ്ക്ക് എന്നും മേൽ നിരക്കിന്റെ 50% നിരക്കായ 55/- രൂപ (അൻപത്തി അഞ്ച് രൂപ) പ്രതിദിന നിരക്കിൽ പരമാവധി 5,000/- രൂപ (അയ്യായിരം രൂപ) വരെ ഗ്രാന്റ് ആയി നൽകാവുന്നതാണ് എന്നു കൂടി ചേർക്കേണ്ടതാണ്.

2. കേരള ചുമട്ടു തൊഴിലാളി (ദുരിതാശ്വാസ സഹായ പ്ലാൻ) 1990 ഖണ്ഡിക 4 (എ) (2)ൽ 60/- രൂപ (അറുപത് രൂപ) എന്നതിനു പകരം പ്രതിദിനം 110/- രൂപ (നൂറ്റി പത്ത് രൂപ) എന്നും പരമാവധി 2 മാസത്തേക്ക് എന്നതിനു പകരം 3 മാസത്തേക്ക് എന്നും ചേർക്കേണ്ടതാണ്.

**IV. കേരള ചുമട്ടു തൊഴിലാളി (പ്രസവാനുകൂല്യം) പ്ലാൻ 2011**

1. കേരള ചുമട്ടു തൊഴിലാളി (പ്രസവാനുകൂല്യം) പ്ലാൻ 2011 ഖണ്ഡിക 2 (1)ൽ 2000/- രൂപ (രണ്ടായിരം രൂപ) എന്നതിനു പകരം 10,000/- രൂപ (പതിനായിരം രൂപ) എന്നും 1000/- രൂപ (ആയിരം രൂപ) എന്നതിനു പകരം 5000/- രൂപ (അയ്യായിരം രൂപ) എന്നും ചേർക്കേണ്ടതാണ്.

**V. കേരള ചുമട്ടു തൊഴിലാളി (വിവാഹ ധനസഹായം) പ്ലാൻ 1990**

1. കേരള ചുമട്ടു തൊഴിലാളി (വിവാഹ ധനസഹായം) പ്ലാൻ 1990 ഖണ്ഡിക 4എ) (1) ൽ 5000/- രൂപ (അയ്യായിരം രൂപ) എന്ന പലിശ രഹിത വായ്പയ്ക്ക് പകരം 10,000/- രൂപ (പതിനായിരം രൂപ) എന്നു ചേർക്കേണ്ടതാണ്.
2. കേരള ചുമട്ടു തൊഴിലാളി (വിവാഹ ധനസഹായം) പ്ലാൻ 1990 ഖണ്ഡിക 4(എഎ) ൽ 25000/- രൂപ (ഇരുപത്തി അയ്യായിരം രൂപ) എന്ന പലിശയോടുകൂടിയ പ്രത്യേക വായ്പയ്ക്ക് പകരം 50,000/- രൂപ (അൻപതിനായിരം രൂപ) എന്നും ചേർക്കേണ്ടതാണ്.

**VI. കേരള ചുമട്ടുതൊഴിലാളി (കലാമിറ്റി റിലീഫ്) പ്ലാൻ 1997**

1. കേരള ചുമട്ടുതൊഴിലാളി (കലാമിറ്റി റിലീഫ്) പ്ലാൻ 1997 ഖണ്ഡിക 4 (1)ൽ 10,000/- രൂപ (പതിനായിരം രൂപ) എന്നതിനു പകരം 20,000/- രൂപ (ഇരുപതിനായിരം രൂപ) എന്ന് ചേർക്കേണ്ടതാണ്.

**VII. കേരള ചുമട്ടുതൊഴിലാളി (സൂപ്പറാനുവേഷൻ അസിസ്റ്റൻസ്) പ്ലാൻ 1989**

1. കേരള ചുമട്ടുതൊഴിലാളി (സൂപ്പറാനുവേഷൻ അസിസ്റ്റൻസ്) പ്ലാൻ 1989 ഖണ്ഡിക 4 (1)ൽ 15,000/- രൂപ (പതിനയ്യായിരം രൂപ) എന്നതിനു പകരം 25,000/- രൂപ (ഇരുപത്തി അയ്യായിരം രൂപ) എന്ന് ചേർക്കേണ്ടതാണ്.

**VIII. ചുമട്ടുതൊഴിലാളികളുടെ വിശ്രമകേന്ദ്രം**

1. കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിനു കീഴിലുള്ള തൊഴിലാളികളുടെ വിശ്രമകേന്ദ്ര നിർമ്മാണത്തിന് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന 10,000/-രൂപ രൂപ (പതിനായിരം രൂപ) എന്നത് 15,000/-രൂപയായി (പതിനയ്യായിരം രൂപ) വർദ്ധിപ്പിച്ചിരിക്കുന്നു.

* ക്ഷേമനാനുകൂല്യ പദ്ധതികളിൽ മേൽ സൂചിപ്പിച്ച മാറ്റങ്ങൾ മാത്രമാണ് വരുത്തിയിട്ടുള്ളത്. മറ്റു നിലവിലുള്ള പദ്ധതി വ്യവസ്ഥയിൽ നിലവിലുള്ളതു തന്നെ ബാധകമായിരിക്കുന്നു.

* ഭേദഗതി പ്ലാനുകളുടെ പൂർണ്ണ രൂപം, അനുബന്ധം, ഭേദഗതി വ്യവസ്ഥകൾ എല്ലാവരുടെയും ശ്രദ്ധയിൽ പെടുത്തുന്നതിന് കമ്മിറ്റി ചെയർമാൻ നടപടി സ്വീകരിക്കേണ്ടതാണ്.

* ഈ സർക്കുലർ കൈപ്പറ്റിയ വിവരം കമ്മിറ്റി / സബ് ഓഫീസ് ചെയർമാൻമാർ മടക്ക തപാലിൽ തന്നെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്
(ഇൻ ചാർജ്ജ്)

സ്വീകർത്താവ്,

1.എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്ക്,
2.കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്